**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1679** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഉരുൾപൊട്ടലിൽ സ്വർണ്ണം നഷ്ടപ്പെട്ടത് തിരികെ കിട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളിയിൽ 16.10.2021 ന് ഉണ്ടായ ഉരുൾപൊട്ടലിൽ മരിച്ചുപോയ സിനി, ഭർത്താവ്, മക്കൾ എന്നിവരുടെ കുടുംബത്തിന്റെ സ്വർണ്ണാഭരണങ്ങൾ കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നും തിരികെ നൽകണമെന്ന സിനിയുടെ പിതാവ് ശ്രീ. സേവ്യർ ജോർജിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കാഞ്ഞിരപ്പള്ളിയിൽ 16.10.2021 ന് ഉണ്ടായ ഉരുൾപൊട്ടലിൽ മരിച്ചുപോയ സിനി, ഭർത്താവ്, മക്കൾ എന്നിവരുടെ കുടുംബത്തിന്റെ സ്വർണ്ണാഭരണങ്ങൾ മുണ്ടക്കയം പോലീസ് സ്റ്റേഷൻ ക്രൈം 1225/21 നമ്പർ കേസിൽ എടുത്തിരിക്കുന്ന തൊണ്ടിമുതലുകൾ അനന്തരാവകാശികൾക്ക് തിരികെ നൽകുന്നതിന് നിയമ തടസ്സങ്ങളൊന്നും ഇല്ല. എന്നാൽ, ഫോറം 151 പരിശോധിച്ചതിൽ മുണ്ടക്കയം പോലിസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ക്രൈം 1225/21, 1226/21, 1227/21, 1228/21 നമ്പർ കേസുകളിലെ തൊണ്ടി മുതലുകൾ ഒന്നിച്ചാണ് സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകനായ ശ്രീ.സജീവ് പി സേവ്യർ പൊട്ടയ്ക്കൽ ആവശ്യപ്പെട്ടിരിക്കുന്നത് ക്രൈം നമ്പർ 1225/21 കേസിലെ തൊണ്ടിമുതലുകൾ മാത്രമാണ്. ആയതിനാൽ ക്രൈം 1226/21, 1227/21, 1228/21 നമ്പർ കേസുകൾ ആരുടെ പേരിലുള്ളതാണെന്നും, 1225/21 നമ്പർ തൊണ്ടി മുതലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും മുണ്ടക്കയം സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച് നാളിതു വരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് അവകാശിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ